## പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 6471 9/07/2014-ൽ മറുപടിക്ക്

# ചെറുകിട ജലവൈദ്യുത പദ്ധതികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എം. വി. ശ്രേയാംസ് കുമാർ | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജ വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് ചെറുകിട ജലവൈദ്യുത പദ്ധതികൾ നടപ്പാക്കുന്നതു സംബന്ധിച്ച നയരേഖ പുറപ്പെടുവിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) ഉണ്ട്. സംസ്ഥാനത്ത് ചെറുകിട ജലവൈദ്യുത പദ്ധതികൾ നടപ്പാക്കുന്നതു സംബന്ധിച്ച നയരേഖ - കേരള സ്മാൾ ഹൈഡ്രോ പവർ പോളിസി 2012-ൽ പുറപ്പെടുവിച്ചിട്ടുണ്ട്. 25MW-ൽ താഴെയുള്ള ചെറുകിട പദ്ധതികളുടെ നിർമ്മാണം പ്രോത്സാഹിപ്പിക്കുന്നത് ലക്ഷ്യമിട്ടാണ് ഈ പോളിസി പുറപ്പെടുവിച്ചിട്ടുള്ളത്. ഈ നയരേഖ പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, സർക്കാർ അർദ്ധസർക്കാർ സ്ഥാപനങ്ങൾ, എൻ.ജി.ഒകൾ, വ്യക്തികൾ, സ്വകാര്യമേഖലയിലെ സംരംഭകർ എന്നീ വിഭാഗങ്ങളിലുള്ളവർക്ക് ചെറുകിടജലവൈദ്യുത പദ്ധതികളുടെ നിർമ്മാണത്തിൽ പങ്കുചേരാം. പദ്ധതികൾ നൽകുന്നത് മത്സര ദർഘാസിന്റെ അടിസ്ഥാനത്തിലും ഇതിനായി നിശ്ചയിച്ചിരിക്കുന്ന തറവില 1MW ന് 15 ലക്ഷം രൂപയുമാണ്. സ്വതന്ത്രവിഭാഗത്തിലും ക്യാപ്റ്റീവ് വിഭാഗത്തിലും പദ്ധതികൾ തുടങ്ങാം. ഈ പദ്ധതികൾ BOOT (Built, Own, Operate & Transfer) അടിസ്ഥാനത്തിൽ 30 കൊല്ലത്തേയ്ക്കാണ് അനുവദിക്കുന്നത്. അതിനുശേഷം ഈ പദ്ധതികൾ സർക്കാരിലേയ്ക്ക് സൗജന്യമായി തിരിച്ചു നൽകണം. സ്വതന്ത്രപദ്ധതികളിൽ നിന്ന് ഉല്പാദിപ്പിക്കുന്ന വൈദ്യുതി വാങ്ങുവാനുള്ള ആദ്യത്തെ അവകാശം കെ.എസ്.ഇ.ബിയ്ക്കാണ്. ഈ വൈദ്യുതിയുടെ വില നിശ്ചയിക്കുന്നത് കേരള സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷനാണ്. ക്യാപ്റ്റീവ് പദ്ധതിയിൽ നിന്നുള്ള വൈദ്യുതി ഇത് നടത്തുന്ന സംരംഭകരുടെ കേരളത്തിലെ ഫാക്ടറികളിൽ ഉപയോഗിക്കാവുന്നതാണ്. ഇതിനായി ഒരു നിശ്ചിത തുക കെ.എസ്.ഇ.ബിയുടെ വിതരണശൃംഖല ഉപയോഗിക്കുന്നതിനായി നൽകേണ്ടതും ആണ്. ഇതോടൊപ്പം തന്നെ 100kW വരെ സ്ഥാപിത ശേഷിയുള്ള ചെറിയ ചെറുകിട ജലവൈദ്യുതപദ്ധതികൾ തുടങ്ങുന്ന തിനും ഉല്പാദിപ്പിച്ച വൈദ്യുതി വിതരണം |

ചെയ്യുന്നതിനും പഞ്ചായത്ത് രാജ് ആക്ട് പ്രകാരം ജില്ലാ പഞ്ചായത്തുകൾക്ക് അവകാശം ഉണ്ട്.

(ബി) ചെറുകിട ജല വൈദ്യുത പദ്ധതികൾ തയ്യാറാക്കുന്നതിനായി ഏത് ഏജൻസിയെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് സ്ഥാപിക്കുന്ന ചെറുകിട ജലവൈദ്യുത പദ്ധതികളുടെ രൂപ കല്പന മുതൽ കമ്മീഷനിംഗും, ഓപ്പറേഷനും കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് നേരിട്ടാണ് ചെയ്യുന്നത്. എന്നാൽ സ്വകാര്യ മേഖലയിൽ ചെറുകിട ജലവൈദ്യുത പദ്ധതികൾ നടപ്പിലാക്കുന്നത് എനർജി മാനേജ്മെന്റ് സെന്റർ ആണ്.

(സി) നാളിതുവരെ ഏതെല്ലാം ചെറുകിട ജലവൈദ്യുത പദ്ധതികളുടെ പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

(സി) കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ കീഴിൽ നിർമ്മാണം പുരോഗമിക്കുന്ന 10 ചെറുകിട ജലവൈദ്യുത പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. ഈ പദ്ധതികൾ വഴി 95.1 MW വൈദ്യുതി അധികമായി ഉല്പാദിപ്പിക്കുവാൻ സാധിക്കും. ഇതിനു പുറമെ ഈ സർക്കാരിന്റെ മിഷൻ 676 -ന്റെ ഭാഗമായി താഴെ ചേർത്തിട്ടുള്ള 7 ചെറുകിട ജലവൈദ്യുത പദ്ധതികൾ ടെണ്ടർ ചെയ്യുവാൻ ലക്ഷ്യമിടുന്നുണ്ട്.

| | | |
|---|---|---|
| 1 | ഒലിക്കൽ | 5 MW |
| 2 | പൂവാരംതോട് | 3 MW |
| 3 | അപ്പർ കല്ലാർ | 2 MW |
| 4 | പീച്ചാട് | 3 MW |
| 5 | ലാഡ്രം | 6 MW |
| 6 | പെരുവണ്ണാമൂഴി | 6 MW |
| 7 | ചെമ്പുക്കടവ് - III | 6 MW |

സ്വകാര്യ സംരംഭകർ മുഖേന 110.5 MW സ്ഥാപിതശേഷി വരുന്ന 25 ചെറുകിടജലവൈദ്യുത പദ്ധതികൾ മത്സരദർഘാസിന്റെ അടിസ്ഥാനത്തിൽ നല്കുവാനുള്ള നടപടികൾ പൂർത്തിയായി വരുന്നു.

സെക്ഷൻ ഓഫീസർ